# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4728 29.06.12-ൽ മറുപടിക്ക്.

## പഞ്ചായത്തുതല പഞ്ചവത്സര പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സാജുപോൾ : | | ഡോ.എം:കെ.മുനീർ (ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതികൾ ഏത് വർഷം മുതൽ നിലവിൽ വരും ; | (എ) | 2012-13 മുതൽ |
| (ബി) | ഭരണ സമിതിയിൽ മാറ്റം വന്നാൽ പദ്ധതിയിൽ മാറ്റം വരുത്താൻ പുതിയ ഭരണസമിതിയ്ക്ക് അധികാരം ഉണ്ടാകുമോ എന്ന് വിശദമാക്കുമോ; | (ബി) | ഒരിക്കൽ അംഗീകരിച്ച പ്രോജക്റ്റുകളിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല. എന്നാൽ പ്രകൃതിക്ഷോഭം മൂലമോ മറ്റ് അപ്രതീക്ഷിത സാഹചര്യം മൂലമോ ഉണ്ടാകുന്ന പ്രത്യേക സന്ദർഭങ്ങളിൽ മാത്രമേ പ്രോജക്ടിൽ മാറ്റം വരുത്താൻ പാടുള്ളൂ. |
| (സി) | പ്രസ്തുതപദ്ധതിയ്ക്കായി എത്ര തുക ഖജനാവിൽ നിന്നും നീക്കി വെക്കുമെന്നും ഏതൊക്കെ മേഖലകൾക്ക് കൂടുതൽ പരിഗണന നൽകുന്നതെന്നും വ്യക്തമാക്കുമോ; | (സി) | 2012-13 സാമ്പത്തിക വർഷം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിചെലവിനായി 3046.32 കോടി രൂപ (തനി)വികസനഫണ്ടിൽനിന്നും നീക്കി വച്ചിട്ടുണ്ട്. മുൻഗണന നൽകുന്ന മേഖലകൾ സംബന്ധിച്ച് പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ